(ബി) ചിട്ടി ബിസിനസ് 31-3-2011-ൽ 626 കോടി രൂപയായിരുന്നത് ഇപ്പോൾ 1426 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. (128% വർദ്ധനവ്). വിവിധ വായ്പാ പദ്ധതികളിലായി 31-3-11-ൽ 1711 കോടിരൂപ വായ്പ നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ഇത് 3762 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. (120% വർദ്ധനവ്). നിക്ഷേപ പദ്ധതികൾ 31-03-11 വരെ 3110 കോടി രൂപ ആയിരുന്നത് ഇപ്പോൾ 8191 കോടി രൂപയായി വർദ്ധിച്ചു. (163% വർദ്ധനവ്). കമ്പനിയുടെ മൊത്തം ബിസിനസ്സ് ടേണോവർ 2010-11-ൽ 12333 കോടി രൂപ ആയിരുന്നത് ഇപ്പോൾ 28337 കോടി രൂപയായി വർദ്ധിച്ചു. (130%വർദ്ധനവ്) 31-03-2011-ൽ 366 ശാഖകൾ ആയിരുന്നത് ഇപ്പോൾ 545 ആയി ഉയർന്നിട്ടുണ്ട്. 2010-11-ൽ കമ്പനിയുടെ ലാഭം 52 കോടി രൂപയായിരുന്നത് ഇപ്പോൾ 209 കോടി രൂപയായി വർദ്ധിച്ചു. 2010-11-ൽ കമ്പനിയുടെ അറ്റാസ്തി 191 കോടി രൂപയായിരുന്നത് ഇപ്പോൾ 476 കോടി രൂപയായി വർദ്ധിച്ചു.

(സി) ചിട്ടി ബിസ്സിനസ് വർദ്ധിപ്പിക്കുന്നതിനായി സമ്മാനാധിഷ്ഠിത ചിട്ടി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വായ്പാ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി വായ്പാമേളകൾ നടത്തിവരുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട്

107 (79) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ 2014-2016 വരെയുള്ള കാലയളവിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള എത്ര അപേക്ഷകൾ കെ.ബി.എഫ് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ തീർപ്പാക്കാതെ നിലനിൽക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ തീർപ്പാക്കാതെ നിൽക്കുന്ന അപേക്ഷകളിൽ ഏറനാട് നിയോജകമണ്ഡലത്തിൽ നിന്നുള്ള അപേക്ഷകരുടെ പേര്, മേൽവിലാസം, ഫയൽ നമ്പർ എന്നിവ ഉൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ചിട്ടും ധനസഹായം വിതരണം ചെയ്യാത്ത കേസുകൾ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ; കാരുണ്യ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

(സി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകരിച്ചിട്ടും ധനസഹായം വിതരണം ചെയ്യാത്ത അപേക്ഷകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:

ഗവ.ആശുപത്രികൾ	-	9683
സ്വകാര്യ ആശുപത്രികൾ	-	35523
പ്രത്യേകാനുമതി പ്രകാരമുള്ള അപേക്ഷകൾ	-	830
ആകെ	-	46036

കാരുണ്യ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

1. വാർഷിക വരുമാനം രണ്ടര ലക്ഷം രൂപയിൽനിന്നും മൂന്ന് ലക്ഷം രൂപയാക്കിയിട്ടുണ്ട്.

2. സർക്കാർ ആശുപത്രികളിൽ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് അടിയന്തര ഓപ്പറേഷൻ ആവശ്യമായിരുന്നുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ഓപ്പറേഷൻ കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

3. ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കും ധനസഹായം അനുവദിക്കുന്നതാണ്.

4. ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ ആവശ്യാനുസരണം ചികിത്സാ ധനസഹായം നൽകുന്നുണ്ട്.

5. സ്വകാര്യ അക്രഡിറ്റഡ് ആശുപത്രികളിൽ ഡയാലിസിസ് ചികിത്സ നടത്തുന്നവർക്കും ധനസഹായം ലഭിക്കുന്നതാണ്.

6. ധനസഹായത്തിന് ആർ.എസ്.ബി.വൈ, ചിസ് പ്ലസ് പ്രകാരം ലഭിക്കുന്ന ചികിത്സാ ധനസഹായം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്ന തുകയിൽ നിന്നും കുറവു ചെയ്യുന്നതു ഒഴിവാക്കി അർഹമായ മുഴുവൻ തുകയും പരമാവധി രണ്ട് ലക്ഷം രൂപ എന്ന പരിധിയിൽ അനുവദിയ്ക്കുന്നതാണ്.